(സി&ഡി) പട്ടണങ്ങളിലെ സെക്ഷൻ ഓഫീസുകളിൽ താരതമ്യേന ഉപഭോക്താക്കളുടെ എണ്ണം കൂടുതലാണെങ്കിലും സെക്ഷന്റെ വിസ്തൃതി ഗ്രാമപ്രദേശങ്ങളെക്കാൾ കുറവാണ്. സെക്ഷനുകളിൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് വിസ്തൃതി, പ്രത്യേക ഭൂപ്രകൃതി എന്നിവ കൂടി കണക്കിലെടുത്ത് അവ വിഭജിച്ച് പുതിയ സെക്ഷനുകൾ അനുവദിക്കുകയും വിവരങ്ങളിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻസൗകര്യത്തോടുകൂടിയ സബ് എഞ്ചിനീയർ ഓഫീസുകൾ അനുവദിക്കുകയും ചെയ്തുവരുന്നു. കൂടാതെ സെക്ഷൻ ആസ്ഥാനത്തുനിന്നും 10 കിലോമീറ്ററിൽ കൂടുതൽ റേഡിയൽ ഡിസ്റ്റൻസ് ഉള്ള പ്രദേശങ്ങളിൽ ബ്രേക്ക് ഡൗൺ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഒരു ലൈന്മാനെ അധികമായി നിയമിക്കുന്നതിനായി ലൈന്മാന്മാരുടെ 243 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നിലവിലുള്ള സെക്ഷനുകളിൽ രണ്ട് ലൈന്മാന്മാരേയും കൂടുതലായി അനുവദിച്ചിട്ടുണ്ട്.

(ഇ) 4-6-2009-ലെ ബോർഡ് ഉത്തരവ് പ്രകാരം മോഡൽ സെക്ഷനുകളിലെ ജീവനക്കാരെ ക്യാപിറ്റൽ ആന്റ് മെയിന്റനൻസ് വിംഗ്, റവന്യൂ വിംഗ്, ബ്രേക്ക്ഡൗൺ വിംഗ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി വിഭജിച്ച് രണ്ട് ലൈന്മാന്മാരെവീതം ക്യാപിറ്റൽ ആന്റ് മെയിന്റനൻസ് വിംഗ്, റവന്യൂ വിംഗ് എന്നീ വിഭാഗങ്ങളിൽ നിയോഗിക്കുകയും മറ്റ് ലൈന്മാന്മാരെ ബ്രേക്ക്ഡൗൺ വിഭാഗത്തിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ലൈന്മാന്മാർക്ക് പ്രത്യേക പ്രദേശത്തിന്റെ ചുമതല നൽകിയിട്ടില്ലെങ്കിലും ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് നിയുക്തരായിട്ടുള്ള സംഘത്തിലെ ജീവനക്കാർ അവ കൃത്യമായി പരിഹരിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാറ്റുവിറ്റിയുടെ പലിശ തിരിച്ചുപിടിച്ച നടപടി

56 (6507) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ 1994-നുശേഷം വിരമിച്ച ജീവനക്കാർക്ക് വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റി സംഖ്യയുടെ അർഹമായ പലിശ തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(ബി) കേന്ദ്രഗ്രാറ്റുവിറ്റി നിയമപ്രകാരം വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റിക്ക് അർഹമായ പലിശ നൽകണമെന്ന കോടതിവിധി നിലവിലുണ്ടോ ;

(സി) വിരമിച്ച ജീവനക്കാർക്ക് അർഹമായി ലഭിക്കേണ്ട പലിശ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അർഹമായ പലിശ തിരിച്ചുപിടിക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. 24-5-1994-നുശേഷം വിരമിച്ച ജീവനക്കാർക്ക് 1972-ലെ ഗ്രാറ്റുവിറ്റി കൊടുക്കൽ നിയമമനുസരിച്ച് വിരമിച്ച തീയതി മുതൽ ഗ്രാറ്റുവിറ്റി തുക അനുവദിച്ച തീയതിവരെയുള്ള പലിശ നൽകിയിട്ടുള്ളതാണ്. എന്നാൽ ബോർഡിൽ ഗ്രാറ്റുവിറ്റി നിയമം നടപ്പിലാക്കിയ 24-5-2011 മുതലുള്ള പലിശ നൽകിയാൽ മതിയെന്നും അതുവരെയുള്ള കാലയളവിന് നൽകിയ അധികപലിശ തിരിച്ചുപിടിക്കണമെന്നുമാണ് 10-6-2014-ലെ ബോർഡ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. 24-5-2011 മുതൽ തുക നൽകുന്ന തീയതി വരെയുള്ള അർഹമായ പലിശ നൽകുന്നതിന് യാതൊരുവിധ തടസ്സവും നിലവിലില്ല.

(ബി) പലിശ ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ച വിരമിച്ച ജീവനക്കാരുടെ കേസ്സുകളിൽ ചിലതിന്മേൽ അവർക്ക് അർഹതയായ പലിശ നൽകണമെന്ന കോടതി വിധി ഉണ്ടായിട്ടുണ്ട്.

(സി) ഗ്രാറ്റുവിറ്റി നിയമം ബോർഡിൽ നടപ്പിലാക്കിയ തീയതിയായ 24-5-2011 മുതൽ തുകനൽകുന്ന തീയതിവരെയുള്ള പലിശ കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊറിയൻ കമ്പനിയുമായി കരാറുണ്ടാക്കിയ സൗരോർജ്ജ പദ്ധതി

57 (6508) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച് അനുമതി നൽകി കൊറിയൻ കമ്പനിയുമായി കരാറുണ്ടാക്കിയ സൗരോർജ്ജ പദ്ധതി റദ്ദാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റദ്ദാക്കാനിടയായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൊറിയൻ കമ്പനിയെക്കുറിച്ച് ബോർഡിന്റെ പ്ലാനിംഗ് വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാമാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കൊറിയൻ കമ്പനിയുമായി കരാറുണ്ടാക്കിയിട്ടില്ല.

(ബി) ബോർഡിന്റെ പ്ലാനിംഗ് വിഭാഗം കൊറിയൻ കമ്പനിയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly